**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2869** **14-09-2023 - ൽ മറുപടിയ്ക്ക്**

**കെ. എസ്. ഇ. ബി. യുടെ പുതിയ സെക്ഷൻ ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ. എസ്. ഇ. ബി. യുടെ പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ; | (എ) | പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നതിന് പ്രത്യേക മാനദണ്ഡം നിലവിലില്ല.<br><br>മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ, വിതരണ വിഭാഗത്തിന് കീഴിൽ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ ഒന്നും തന്നെ അനുവദിച്ചിട്ടില്ല. എന്നാൽ 17.03.2001 - ലെ ബോർഡ് ഉത്തരവ് പ്രകാരം അനുവദിച്ച ഓഫീസുകളിൽ ഒരെണ്ണവും 24.02.2016 - ലെ ബോർഡ് ഉത്തരവ് പ്രകാരം അനുവദിച്ച ഓഫീസുകളിൽ പത്തൊൻപതെണ്ണവും ഈ കാലയളവിൽ പ്രവർത്ത നമാരംഭിച്ചിട്ടുണ്ട്. |
| (ബി) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ട്; ഓരോന്നിനും സ്വീകരിച്ച മാനദണ്ഡങ്ങൾ; വിശദീകരിക്കാമോ; | (ബി) | പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നതിന് പ്രത്യേക മാനദണ്ഡം നിലവിലില്ല.<br><br>മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ, വിതരണ വിഭാഗത്തിന് കീഴിൽ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ ഒന്നും തന്നെ അനുവദിച്ചിട്ടില്ല. എന്നാൽ 17.03.2001 - ലെ ബോർഡ് ഉത്തരവ് പ്രകാരം അനുവദിച്ച ഓഫീസുകളിൽ ഒരെണ്ണവും 24.02.2016 - ലെ ബോർഡ് ഉത്തരവ് പ്രകാരം അനുവദിച്ച ഓഫീസുകളിൽ പത്തൊൻപതെണ്ണവും ഈ കാലയളവിൽ പ്രവർത്ത നമാരംഭിച്ചിട്ടുണ്ട്. |
| (സി) | മലപ്പുറം മണ്ഡലത്തിലെ മഞ്ചേരി സർക്കിൾ പരിധിയിലുള്ള വള്ളുവമ്പ്രം, കിഴിശ്ശേരി, മഞ്ചേരി നോർത്ത് എന്നിവ വിഭജിക്കണമെന്ന കാലങ്ങളായിട്ടുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്.<br><br>പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവ ശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ |

| | | | |
|---|---|---|---|
| | | | ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല എന്നതിനാൽ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും മുൻഗണന നൽകി കൊണ്ടുള്ള നടപടികളാണ് കെ.എസ്.ഇ. ബി.എൽ. നിലവിൽ സ്വീകരിച്ചു വരുന്നത്.<br><br>ഏത് ഉപഭോക്താവിനും കേരളത്തിലെ ഏതു സെക്ഷൻ ഓഫീസിലും വൈദ്യുത ബിൽ അടയ്ക്കാം എന്നുള്ള സൗകര്യത്തിനു പുറമെ സെക്ഷൻ ഓഫീസുകളെ സമീപിക്കാതെ തന്നെ വൈദ്യുതി ബില്ലുകൾ അടയ്ക്കുന്നതിനുള്ള e-payment സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ കണക്ഷനുകൾക്കുള്ള അപേക്ഷകൾ കൂടാതെ നിലവിലുള്ള ഉപഭോക്താക്കളുടെ താരിഫ്, ഉടമസ്ഥാവകാശം, കണക്ടഡ് ലോഡ് എന്നിവ മാറ്റുന്നതിനും മീറ്റർ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈൻ ആയി സ്വീകരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിനു 24 മണിക്കൂറും പ്രവർ ത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രവും 1912 എന്ന ടോൾ ഫ്രീ നമ്പറും, WhatsApp വഴി 9496001912 എന്ന നമ്പറിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കു ന്നതിനുള്ള സംവിധാനവും, വൈദ്യുതി സംബന്ധമായ അപകടങ്ങളും അടിയന്തിര സാഹചര്യങ്ങളും അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന 9496061061, 9496010101 എന്നീ ഹോട്ട് ലൈൻ ഡെസ്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>സേവനമേഖല കാര്യക്ഷമമാക്കു ന്നതിനായി "സേവനം വീട്ടുപടിക്കൽ" (Service at doorsteps) എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഉപഭോ ക്താക്കൾക്ക് സെക്ഷൻ ഓഫീസുകളെ സമീപിക്കാതെ തന്നെ വിവിധ സേവനങ്ങൾ വേഗത്തിൽ ലഭ്യമാകുന്നതിനുള്ള സംവിധാ നങ്ങൾ നിലവിലുണ്ട്.<br><br>ആയതിനാൽ മലപ്പുറം മണ്ഡലത്തിലെ മഞ്ചേരി ഇലക്ട്രിക്കൽ സർക്കിളിനു കീഴിൽ വള്ളുവമ്പ്രം, കീഴിശ്ശേരി, മഞ്ചേരി നോർത്ത് സെക്ഷൻ ഓഫീസ് വിഭജനം നിലവിൽ പരിഗണനയിലില്ല. |
| (ഡി) | പുൽപ്പറ്റ പഞ്ചായത്തിലെ പൂക്കൊളത്തൂർ കേന്ദ്രമാക്കി | (ഡി) | പുൽപ്പറ്റ പഞ്ചായത്തിൽ പൂക്കൊളത്തൂർ കേന്ദ്രമാക്കി |

| | | | |
|---|---|---|---|
| | പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | | പുതിയ സെക്ഷൻ ഓഫീസ് നിലവിൽ പരിഗണനയിലില്ല.<br><br>പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് മാനവ വിഭവശേഷി ആവശ്യമായി വരുമെന്ന തിനാലും ഇതിനായി ചിലവഴിക്കേണ്ടി വരുന്ന തുക താരിഫിൽ ഉൾക്കൊള്ളിക്കുന്നത് വഴി വൈദ്യുതി നിരക്ക് വർദ്ധനവിന് കാരണമാ കുമെന്നതിനാൽ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ